Reg. No. : ....................................

Name : ..........................................

**IMPROVEMENT**
**JULY 2019**

**FY 08**

Time : 2 $\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം

# (MALAYALAM)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 2 വീതം)** **(6 × 2 = 12)**

1. 'കായലരികത്ത് ' എന്ന സിനിമാഗാനത്തെ ആസ്വാദ്യമാക്കുന്ന രണ്ട് സവിശേഷതകൾ എഴുതുക.

2. "ഈ ഇലയടരുകളെല്ലാം തന്നെ അങ്ങുതാഴെയുള്ള വേരുകൾ തേടി ചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജനിക്കാൻ" – ഈ വാക്കുകൾകൊണ്ട് ഉദ്ദേശിക്കുന്നതെന്തൊക്കെയാവാം ?

- മനുഷ്യരുടെ പുനർജന്മസങ്കല്പം പ്രകൃതിയിൽ ആരോപിക്കുന്നു.
- ഇലകൾ മനുഷ്യരെപ്പോലെയാണെന്ന് സ്ഥാപിക്കുന്നു.
- ഒന്നു ചീയുന്നതു മറ്റൊന്നിനു വളമാകുമെന്ന പ്രയോഗം ഓർമ്മിപ്പിക്കുന്നു.
- മരങ്ങൾ നശിച്ചാലും പുനർജനിക്കുമെന്ന് സമാധാനിക്കുന്നു.

3. "ആവർത്തനത്തിന്റെ അസാധാരണമായൊരു താളം 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയ്ക്കുണ്ട്" – ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഒരു സന്ദർഭം കുട്ടിച്ചേർക്കുക.

- ഒരു സൈക്കിൾ മോഷണത്തിൽ തുടങ്ങി മറ്റൊരു സൈക്കിൾ മോഷണത്തിൽ അവസാനിക്കുന്നു.

4. മുഹ്‌യിദ്ദീൻമാല ജനപ്രിയമാവാനുള്ള കാരണങ്ങൾ എടുത്തെഴുതുക.

- കേരളീയമായ ഇതിവൃത്തം
- പ്രണയത്തിന്റെ ചിത്രീകരണം
- ഗഹനമായ ആശയങ്ങൾ ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുന്നു
- ഹൃദ്യമായ ഇശൽ.

5. "മോളെന്താ കല്യാണത്തിനു പോകാഞ്ഞത് ? ശ്രീമോൻ കൊറേ നിർബന്ധിച്ചതല്ലിയോ ? പുതുപ്പെണ്ണിനെ കാണാൻ എല്ലാർക്കും ആശകാണത്തില്ലിയോ ?" പത്മാക്ഷിയുടെ ഈ വാക്കുകളിൽ പ്രതിഫലിക്കുന്നത് ;

- വൃദ്ധയെ തനിച്ചുകിട്ടാത്തതിലുള്ള നിരാശ
- പുതുപ്പെണ്ണ് ഒരു കാഴ്ചവസ്തുവാണെന്ന ചിന്ത
- സ്വതന്ത്രമായി ജോലി ചെയ്യാനാകാത്തതിലുള്ള അസ്വസ്ഥത.
- ഭർത്താവിനെ അനുസരിക്കാത്തതിലുള്ള നീരസം.

6. അരുളില്ലാത്തവരെ സൂചിപ്പിക്കുന്നതിന് ശ്രീനാരായണഗുരു ഉപയോഗിക്കുന്ന കല്പനകൾ ഏവ.

- ഇമ്പമില്ലാത്തഗാനം
- ദുർഗന്ധമുള്ള ശരീരം
- ഫലമാകാത്ത പുഷ്പം
- തന്ത്രികൾ പൊട്ടിയ വീണ

7. 'സംക്രമണ'ത്തിൽ സ്ത്രീ ജീവിതാവസ്ഥയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗാർഹിക ബിംബങ്ങൾ ഏവ.

- ഒരു കുറ്റിച്ചൂല്
- വസൂരിമാലകൾ കൊരുത്ത വ്യോമം
- കാതിൽ ഇരമ്പുന്ന കടൽ
- ഞെണുങ്ങിയ വക്കാർന്ന കഞ്ഞിപ്പാത്രം.

8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 4 വീതം) (6 × 4 = 24)

8. 'സന്ദർശന'ത്തിലെ നായകന്റെ ഭൂതകാലം ഇരുണ്ടതായിരുന്നെന്ന് കവിതയിൽ സൂചനകളുണ്ടോ ? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

9. ജനപ്രിയ സിനിമകളെ വിശകലനം ചെയ്യുന്ന ലേഖനമാണല്ലോ 'സിനിമയും സമൂഹവും'. പ്രസ്തുത ലേഖനത്തിലെ ആശയങ്ങൾ ആസ്പദമാക്കി ഒരു ജനപ്രിയസിനിമാ സംവിധായകനുമായി അഭിമുഖത്തിലേർപ്പെടുന്നതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുക. (4 എണ്ണം)

10. നിയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്. നീ മാത്രം.

'അനർഘനിമിഷ'ത്തിലെ നീ ആരാകാം ? നിങ്ങളുടെ നിഗമനം അവതരിപ്പിക്കുക.

11. 'മയങ്ങാറുണ്ടവില്ലവളോളം വൈകിയൊരു നക്ഷത്രവും

ഒരൊറ്റ സൂര്യനുമവളേക്കാൾ നേർത്തെ പിടഞ്ഞെണീറ്റീലാ'

(സംക്രമണം)

ഈ വരികളിൽ പ്രതിഫലിക്കുന്ന സ്ത്രീ ജീവിതാവസ്ഥയെ കുറിച്ച് ലഘുക്കുറിപ്പെഴുതുക.

12. “ശ്രീകൃഷ്ണന് അമ്മയോടുള്ള സ്നേഹം ‘പിലിക്കണ്ണുകൾ’ എന്ന കാവ്യഭാഗത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു” – ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക.

13. ‘ഓർമ്മയുടെ ഞരമ്പ് ’ എന്ന കഥയിലെ വൃദ്ധയുടെ വാക്കുകളിൽ നിന്ന് അവരുടെ ഭർത്താവിന്റെ അമ്മയെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നുണ്ട്. ആ അമ്മയുടെ കാഴ്ചപ്പാടുകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? സ്വാഭിപ്രായക്കുറിപ്പ് എഴുതുക.

14. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ മനോഹരമായ ആവിഷ്കാരമാണ് ‘കൈപ്പാട്’ – വിലയിരുത്തൽ കുറിപ്പ് എഴുതുക.

**15 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 6 വീതം)** **(5 × 6 = 30)**

15. ‘വാസനാവികൃതി’ എന്ന കഥയെ ആസ്പദമാക്കി, മലയാളത്തിലെ ആദ്യകാല കഥകളുടെ സവിശേഷതകളെക്കുറിച്ച് ലഘൂപന്യാസം തയ്യാറാക്കുക.

16. ‘കേൾക്കുന്നുണ്ടോ’ എന്ന ഹ്രസ്വചിത്രത്തിൽ ശബ്ദങ്ങളുടെ സാന്നിധ്യം പ്രയോജനപ്പെടുത്തിയിരിക്കുന്നത് എത്രമാത്രം ഔചിത്യ പൂർണമാണെന്ന് പരിശോധിക്കുക.

17. സ്കൂൾ ചലചിത്രോത്സവത്തോടനുബന്ധിച്ച് അവതരിപ്പിക്കുന്നതിന് നിയോറിയലിസവും സൈക്കിൾ മോഷ്ടാക്കളും എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

18. "ഗ്രാമീണജിവിതത്തിന്റെ നന്മകൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന കവിയാണ് വൈലോപ്പിള്ളി" – 'ഊഞ്ഞാലിൽ' എന്ന കവിതയെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

19. "അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്. അർത്ഥമുള്ളത് കവിതയല്ല; അതിനപ്പുറമുള്ളതാണ് കവിത" – എം. എൻ. വിജയന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പഠിച്ചിട്ടുള്ള ഒരു കവിതയെ ആസ്പദമാക്കി സ്വാഭിപ്രായം വിശദമാക്കുക.

20. "എല്ലാവരും തുല്യരല്ലാത്ത വ്യവസ്ഥിതിയിൽ, സ്വാതന്ത്ര്യത്തിനും അതിജിവനത്തിനും വേണ്ടി പാർശ്വവൽകൃതർ നടത്തുന്ന സമരങ്ങൾക്ക് പുതിയ തന്ത്രങ്ങൾ സ്വീകരിക്കേണ്ടി വരും' – 'മത്സ്യം' എന്ന കവിത ഇത്തരമൊരു സന്ദേശം നൽകുന്നുണ്ടോ ? – വിശകലനം ചെയ്ത് കുറിപ്പെഴുതുക.

കാവ്യഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(2 സ്കോർ വീതം) (സ്കോർ $3 \times 2 = 6$)

ഒന്നുമറിയാതെ കണിക്കൊന്ന പൂത്തുവിണ്ടും, കണ്ണിൽനിന്നു പോയ്മറയാപ്പൊൻകിനാക്കൾ പോലെ !

പൊന്നു വയ്ക്കേണ്ടിടത്തൊരു പൂവ് മാത്രം വച്ചു കൺതുറന്നു കണികണ്ടു ധന്യരായോർ നമ്മൾ !

പൂവിരിയേണ്ടിടത്തെല്ലാം പൊന്നുതൂക്കാനല്ലോ പൂതിയിന്ന് നമുക്ക് ! പൊന്നാശ പൂക്കും നെഞ്ചിൽ! എങ്കിലുമിക്കണിക്കൊന്ന പൂത്തുനില്പൂ വീണ്ടും, മൺചിരാതിൽനിന്നഴകിൻ നൂൽത്തിരികൾ പോലേ! ചന്തയിൽനിന്നഞ്ചുരൂപയ്ക്കെന്നയൽക്കാർ വാങ്ങിക്കൊണ്ടുവന്ന കൊച്ചുശീമക്കൊന്നമലർ കാൺകെ തന്റേതല്ലാക്കിടാവിനെക്കണ്ട തള്ളയെപ്പോൽ എന്റെ മുത്തശ്ശിക്കു പഴങ്കണ്ണ് കലങ്ങുന്നു !

(എന്തിനിന്നും പൂത്തു ? – ഒ. എൻ. വി)

21. കണിക്കൊന്ന പൂക്കുന്നതിനെ കവി എന്തിനോടെല്ലാം സാദൃശ്യപ്പെടുത്തുന്നു ?

22. ഇക്കാലത്തെ മനുഷ്യരുടെ പൂതിയെക്കുറിച്ച് പറയുന്നതിലൂടെ കവി അർത്ഥമാക്കുന്നതെന്ത്?

23. ചന്തയിൽനിന്ന് വിലകൊടുത്തുവാങ്ങിയ കൊന്നപൂവ് കാണവേ മുത്തശ്ശിക്കുണ്ടായ ഭാവമാറ്റം എന്ത് ?

**24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ)** **(1 × 8 = 8)**

24. 'ശസ്ത്രക്രിയ' എന്ന കഥയിലെ അമ്മയും മകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആവിഷ്കാരം എത്രത്തോളം ഉചിതമായിരിക്കുന്നു ? കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് വിലയിരുത്തുക.

25. "കുടുംബഭാരമേല്പിച്ച സമ്മർദ്ദങ്ങൾ കാരണം ഇച്ഛയ്ക്കൊത്തു പ്രവർത്തിക്കാൻ കഴിയാതെ പോയ സ്ത്രീകളുടെ രണ്ട് വ്യത്യസ്തമുഖങ്ങളാണ് 'ഓർമ്മയുടെ ഞരമ്പിലെ' വൃദ്ധയും 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠത്തിലെ തങ്കം നായരും"; – രണ്ട് കഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് സ്വാഭിപ്രായം രൂപീകരിക്കുക.

---